നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന റവന്യൂ ചെലവ്

17 [2626] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന റവന്യൂ വരുമാനം എത്ര; ചെലവ് എത്ര എന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർഷത്തെ യഥാർത്ഥ ചെലവെത്രയായിരുന്നു എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2004-2005 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന റവന്യൂ വരുമാനം 14263.96 കോടി രൂപയും റവന്യൂ ചെലവ് 18971.09 കോടി രൂപയുമായിരുന്നു.

(ബി) ലഭ്യമായ താല്ക്കാലിക കണക്കുകൾ പ്രകാരം 2004-2005 വർഷത്തെ റവന്യൂ ചെലവ് 17163.44 കോടി രൂപയാണ്.

"ഔട്ട് കം ബഡ്ജറ്റ്" അവതരണം

18 [2627] ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. സി. ജോസഫ്:
,, സി. പി. മുഹമ്മദ്:
,, ജോർജ്ജ് ജെ. മാത്യു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ ഫലപ്രാപ്തി കാണിക്കുന്ന "ഔട്ട് കം ബഡ്ജറ്റ്" നിയമസഭയിൽ അവതരിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും നിർദ്ദേശം കിട്ടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കേന്ദ്രത്തിന്റെ മാതൃകയിൽ നിയമസഭയിലും "ഔട്ട് കം ബഡ്ജറ്റ്" അവതരിപ്പിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) "ഔട്ട് കം ബഡ്ജറ്റ്" നിയമസഭയിൽ അവതരിപ്പിക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) കേന്ദ്രസർക്കാരിൽനിന്നും ഇതുസംബന്ധിച്ച് നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല.

(സി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly